(സി) പൊതുമരാമത്തു പണികൾ നടത്തിയ വകയിൽ 31-3-1986 വരെ 18.23 കോടി രൂപ കൊടുത്തുതീർക്കാനുണ്ടെന്നാണ് ചീഫ് എഞ്ചിനീയറിൽ നിന്നും കിട്ടിയ വിവരം.

(ഡി) ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻറ് ഡിസ്പോസൽ മുഖേന വാങ്ങുന്ന സാധനങ്ങളുടെ വില അക്കൗണ്ടൻറ് ജനറൽ തന്നെ ഇൻവോയിസ് ലഭിക്കുന്ന മുറയ്ക്ക് അതാതു കണക്കുകളിൽ ബുക്ക് ചെയ്യുകയാണ് പതിവ്. അതിനാൽ ഈ ഇനത്തിൽ തുക കൊടുത്തു തീർക്കുന്നതിന് ബാക്കിയില്ല.

പിരിഞ്ഞു കിട്ടേണ്ട നികുതി

1303. [1952] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83 മുതൽ 1985-86 വരെ സർക്കാർ ഉത്തരവുകളനുസരിച്ച് സ്റേറ ചെയ്യപ്പെട്ടതുകാരണം പിരിഞ്ഞു കിട്ടേണ്ട തുക എത്ര ;

(ബി) അവയിൽ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് എത്ര ; സെയിൽസ് ടാക്സ് എത്ര ;

(സി) കോടതി സ്റേറ കാരണം ഓരോ ഇനത്തിലും ഓരോ വർഷവും പിരിഞ്ഞു കിട്ടേണ്ട തുക എത്ര ?

ഉത്തരം

(എ) 1947.16 ലക്ഷം രൂപ, ഇതു റവന്യൂ റിക്കവറി നടപടികളിൻമേലുള്ള സ്റേറ കൂടാതെയുള്ള തുകയാണ്.

(ബി) അഗ്രിക്കൾച്ചറൽ ഇൻകംടാക്സ്–156.94 ലക്ഷം രൂപ.
സെയിൽസ് ടാക്സ്–1790.22. രൂപ.

(സി) താഴെ കാണിച്ചിരിക്കുന്നു.

കോടതി സ്റേറ ഉത്തരവുമൂലം പിരിഞ്ഞുകിട്ടേണ്ട തുക

വർഷം	വിൽപ്പന നികുതി	കാർഷികാദായ നികുതി
1982-83	750.71 ലക്ഷം രൂപ	79.22 ലക്ഷം രൂപ
1983-84	774.51 ,,	77.03 ,,
1984-85	1493.23 ,,	61.08 ,,
1985-86	1913.46 ,,	79.52 ,,

LIBRARY ARCHIVES Kerala Legislative Assembly